കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/1286/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം

തിയ്യതി 13.6.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് .(സെക്രട്ടറി മുഖേന)

പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*************************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.15/1286/2017
തിയ്യതി:13.6.2017

<u>മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13-10-2016 മുതൽ 31-05-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 09 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 08 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 01-06-2017 മുതൽ 09-06-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുള്ള എ സി | ഓഡിറ്റ് ഓഫീസർ |
| | |

| | |
|---|---|
| ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. റംല പി കെ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ശിവൻകുട്ടി ജെ | 01.04.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഷൈലജ എം | 01.04.2016 മുതൽ 31.03.2017 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി. ദിവ്യ എൻ എം | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (21.12.2016 മുതൽ 03.01.2017 വരെ ഒഴിവ്) | ശ്രീ. രാജീവ് പി | 01.04.2016 മുതൽ 20.12.2016 വരെ |
| | ശ്രീ.പ്രശാന്ത് കരിമ്പിൽ | 04.01.2017 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷാജി പി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. എെസക് ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പ്രേമ ലീല | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. ഉണ്ണികൃഷ്ണൻ | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ദിവ്യ ഉണ്ണികൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷീജ ജി | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ജിബിൻ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | പെർഫോമൻസ് ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്. | 1-12 | |
| | ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 14 | കെട്ടിട നിർമാണ പെർമിറ്റ് - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ | 2-1 | |
| 15 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 | |
| 16 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല. | 2-3 | |
| | ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 17 | പഞ്ചായത്ത് ഗ്രന്ഥാലയം നടത്തിപ്പിലെ പോരായ്മകൾ | 3-1 | |
| 18 | 7.3 ലക്ഷം രൂപയുടെ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നു. അടിയന്തിര നടപടിക്ക് ശുപാർശ ചെയ്യുന്നു. | 3-2 | |
| 19 | മരുന്നുകൾ ലഭ്യമാക്കിയില്ല. | 3-3 | |
| 20 | ഗ്രാമ സഭ സംഘാടനം കാര്യക്ഷമമല്ല | 3-4 | |
| 21 | പരിരക്ഷ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല. | 3-5 | |
| 22 | രേഖകൾ ഹാജരാക്കിയില്ല | 3-6 | |
| 23 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. ഗ്രാമ | 3-7 | |

| | | | |
|---|---|---|---|
| | പഞ്ചായത്തിന് മുക്കാൽ കോടി രൂപ നഷ്ടമായി | | |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 25 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 27 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 33 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 34 | Audit Certificate | 2 | |
| 35 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 36 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 37 | ബാലൻസ് ഷീറ്റ് | 5 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 29-02-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 23.03.2017 ലെ 1ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 23/05/2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 05-06-17 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു. |

അപാകത

1) കനറാ ബാങ്കിലെ NREGS അക്കൗണ്ടിൽ (വൗച്ചർ തിയ്യതി 31.03.2014 ) ബന്ധപ്പെട്ട കക്ഷികൾക്ക് കൊടുക്കുന്നതിന് വേണ്ടി ട്രാൻസ്ഫർ ചെയ്തിരുന്ന 51,670 രൂപ നാളിതുവരെ വിതരണം ചെയ്യാത്തതിനാൽ ടി തുക അധികമായി അക്കൗണ്ടിൽ കിടക്കുന്നുണ്ട്. എന്നാൽ ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിൽ കൂട്ടി വരുന്ന രീതിയാണ് അവലംബിച്ചു പോരുന്നത്. ആയത് ക്രമപ്രകാരമല്ല. 51,670 രൂപ ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.
2) വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ വാർഡ് അടിസ്ഥാനത്തിൽ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്ന് പ്രിന്റ് ചെയ്ത് തയ്യാറാക്കിയിട്ടില്ല
3) വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.
4) വാർഷികക്കണക്കുകളിലെ മുൻകൂർ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പരസ്പരം പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യസ്ത തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ഇനം | 2016-17 വാർഷിക ധനകാര്യപത്രിക യിലെ തുക (B7) | ഡെപ്പോസിറ്റ് രജിസ്റ്ററിലെ തുക | വ്യത്യാസം |
|---|---|---|---|
| Suppliers’ Earnest Money Deposit | 86,568 | 87,768 | (+)1200 |
| Suppliers’ Security Deposit | 38,200 | 37,000 | (-)1200 |

# 1-4 സാമ്പത്തിക വിശകലനം

| | 2016-17 |
|---|---|
| മുന്നിരിപ്പ് | 17371321 |
| വരവ് | 47062943 |
| ആകെ | 64434264 |
| ചെലവ് | 42087924 |
| നീക്കിയിരിപ്പ് | 22346340 |

# 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവു ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11354414 | 11354414 | 10907083 | 4,47,331 | 96% |
| വികസന | 0 | 4549470 | 4549470 | 3288819 | 12,60,651 | 72% |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട്(എസ്.സി.പി) | | | | | | |
| വികസനഫണ്ട്(ടി.എസ്.പി) | 0 | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4099719 | 4099719 | 3230921 | 8,68,798 | 78.8% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3137283 | 3137283 | 2950269 | 1,87,014 | 94% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6367083 | 6367083 | 1597755 | 47,69,328 | 25% |
| ലോക ബാങ്ക് സഹായം | 0 | 3334644 | 3334644 | 3157884 | 1,76,760 | 94.69% |
| എൻ ആർ ഇ ജി എസ് | 2323 | 11474625 | 11476948 | 11471898 | 5050 | 99.9% |
| ബി ഫണ്ട് | 0 | 33964740 | 33964740 | 33964740 | - | 100% |

11

# 1-6 പദ്ധതി അവലോകനം

a)ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|
| 155 | 102 | 5 | 53 | 62.58 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ – ഇല്ല

ബി) നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയവ

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 0 | 0 | 100% |
| വെറ്ററിനറി സർജൻ | 4 | 3 | 0 | 1 | 75% |
| മെഡിക്കൽ ഓഫീസർ (പ്രാഥമികാരോഗ്യ കേന്ദ്രം) | 1 | 1 | 0 | 0 | 100% |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 0 | 0 | 100% |
| വി.ഇ.ഒ | 11 | 7 | 1 | 3 | 63.63% |
| ICDS സൂപ്പർവൈസർ | 8 | 6 | 0 | 2 | 75% |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 25 | 13 | 0 | 12 | 52% |
| ഹെഡ്മാസ്റ്റർ | 8 | 6 | 0 | 2 | 75% |
| അസി. എഞ്ചിനീയർ | 82 | 51 | 0 | 31 | 62.15% |
| അസി.സെക്രട്ടറി | 7 | 5 | 0 | 2 | 71.42% |
| അംഗീകാരം ലഭിച്ച 155 പ്രോജക്ടുകളിൽ 53 എണ്ണം നടപ്പിലാകാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയായി കാണുന്നു. നടപ്പിലാക്കാതിരുന്നതിനുള്ള കാരണം ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. | | | | | |

# 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ 29 % കൂടിയിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4000187 | 5866579 | 1866392 | (+)46.65 |
| നികുതിയേതര വരവുകൾ | 943488 | 676201 | 267287 | (-)28.3 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 489106 | 503876 | 14770 | (+)3 |
| ആകെ | 5432781 | 7046656 | 1613875 | (+)29 |

കുറിപ്പ് : നികുതി വരവുകൾ (വസ്തു നികുതി, തൊഴിൽ നികുതി, വിനോദ നികുതി, പരസ്യ നികുതി,സേവന നികുതി)

നികുതിയേതര വരവുകൾ (ലൈസൻസ്, മാർക്കറ്റ് ബസ്സ്റ്റാന്റ്, കെ പി ബി ആർ,ജനന മരണ വിവാഹം,വാടക, ലേലം)

മറ്റുള്ളവ (നികുതി ,നികുതിയേതര വരുമാനത്തൽ ഉൾപ്പെടാത്ത എല്ലാ ഇനങ്ങളും)

# 1-8 സാമൂഹ്യ ക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

a) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94200 | 56 |
| കർഷകതൊഴിലാളി വേതനം | 1819170 | 239 |
| വിധവാപെൻഷൻ | 10649400 | 1061 |
| വാർദ്ധക്യകാലപെൻഷൻ | 16766500 | 1630 |
| വികലാംഗപെൻഷൻ | 3899870 | 426 |
| വിവാഹ ധനസഹായം | 440000 | 9 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 234600 | 20 |

b) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 1 | 0 | 1 | ഇല്ല |
| 2 | കർഷകതൊഴിലാളി വേതനം | 7 | 7 | 0 | ഇല്ല |
| 3 | വിധവാപെൻഷൻ | 75 | 71 | 4 | ഇല്ല |
| 4 | വാർദ്ധക്യകാലപെൻഷൻ | 400 | 371 | 29 | ഇല്ല |
| 5 | വികലാംഗപെൻഷൻ | 48 | 48 | 0 | ഇല്ല |
| 6 | വിവാഹ ധനസഹായം | 11 | 9 | 2 | ഇല്ല |
| 7 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | ഇല്ല | ഇല്ല |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01-06-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തുക ബാങ്കിൽ അടവാക്കിയതിനാൽ ക്യാഷ് ബാലൻസ് /നീക്കിയിരിപ്പ് ഒന്നും തന്നെ അവശേഷിക്കുന്നില്ല

# 1-10 ആഭ്യന്തരനിയന്ത്രണം

1. മെഡിക്കൽ ഓഫീസർ(പി എച്ച് സി), അസി.എഞ്ചിനീയർ എന്നിവർ പ്രോജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ഹെഡ്മമാസ്റ്റർ ടി ആർ 7 എ ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

2. പഞ്ചായത്തിൽ റെക്കോർഡ് റൂം ഇല്ല.





പഞ്ചായത്ത് ഓഫീസിൽ അടിസ്ഥാന സൗകര്യം വളരെ പരിമിതമാണ്. ലഭ്യമായിരുന്ന ലോക ബാങ്ക് ധനസഹായം പഞ്ചായത്ത് കാര്യാലയം നവീകരിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതെ ഫണ്ട് കൂട്ടുതലായും റോഡിനായി മാറ്റിവെച്ചതിനാൽ റോഡ് കണ്കടിവിറ്റിയുടെ കാര്യത്തിൽ പഞ്ചായത്ത് ഇന്ന് ഏറെ മുന്നിലാണ്, എന്നാൽ അത്യാവശ്യം വേണ്ട റെക്കോർഡ് റൂം സ്ഥാപിക്കുന്നതിന് തുക വകയിരുത്താത്തതിനാൽ കാര്യാലയത്തിൽ പൊതു ജനങ്ങൾ കയറി ഇറങ്ങുന്ന സ്ഥലത്ത് ജീവനക്കാരുടെ ക്യാബിന്റെ സമീപം 4 അലമാരകൾ ഉപയോഗിച്ച് മറയുണ്ടാക്കി അവിടെ രേഖകൾ സൂക്ഷിക്കേണ്ടി വരുന്ന ഒരു ദയനീയമായ സ്ഥിതിയിലാണ് ഇന്ന് പഞ്ചായത്ത് കാര്യാലയം. അടിയന്തിരമായി റെക്കോർഡ് റൂം ഉണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ജീവനക്കാർക്ക് ആവശ്യത്തിന് സ്ഥലം നൽകിയുള്ള സീറ്റിംഗ് അറേഞ്ച്മെന്റ് നൽകേണ്ടതുമാണ്.

<u>3. പഞ്ചായത്ത് കെട്ടിടം തിരിച്ചറിയുന്നതിനുള്ള ബോർഡുകൾ സ്ഥാപിച്ചിട്ടില്ല.</u>






പഞ്ചായത്ത് കെട്ടിടം സ്ഥിതി ചെയ്യുന്നത് പറമ്പിൽ പീടിക അങ്ങാടിയിൽ നിന്ന് 100 മീറ്റർ മാറിയിട്ടാണ്. നിലവിൽ കെട്ടിടങ്ങളാൽ ചുറ്റപ്പെട്ടാണ് കാര്യാലയം പ്രവർത്തിക്കുന്നത്. പഞ്ചായത്ത് കാര്യാലയത്തിലേക്ക് പ്രധാന റോഡിൽ നിന്ന് തിരിയുന്ന ഭാഗത്ത് സൂചന ബോർഡ് പഞ്ചായത്ത് വെച്ചിട്ടില്ല. കാര്യാലയ കെട്ടിടത്തിൽ , പഞ്ചായത്തിന്റെ പേരുള്ള ബോർഡ് സ്ഥാപിക്കാത്തതിനാൽ പഞ്ചായത്ത് കാര്യാലയം തിരിച്ചറിയാൻ ബുദ്ധിമുട്ടാണ്. നിലവിലുള്ള ബോർഡ് പഞ്ചായത്തിന്റെ ഒരു മൂലയിൽ ചാരിവെച്ചിരിക്കുകയാണ്. ആകെയുള്ളത് കെട്ടിടത്തിന്റെ ചുവരിൽ എഴുതിയിട്ടുള്ള പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് എന്നതു മാത്രമാണ്. പുതിയ ഗേറ്റ് സ്ഥാപിച്ചപ്പോൾ പഴയ ഗേറ്റ് വൃത്തിഹീനമായ രീതിയിൽ കവാടത്തിന്റെ വലത് ഭാഗത്ത് ചാരിവെച്ചിട്ടുണ്ട്. ടി ഗേറ്റ് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

4.<u>മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്,തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി (എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ടി രജസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും ജോലി ചെയ്യുന്ന ഓഫീസ് മുതലായ വിവരങ്ങളും ലഭ്യമാക്കുന്നതിന് പ്ലാൻ സെക്ഷന് ശ്രമകരമായ ജോലിയായി മാറുന്നു. ആയതിനാൽ അടിയന്തിരമായ

മാസ്റ്റർ ഇൻക്യംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

5.പദ്ധതി മാർഗരേഖ സ.ഉ(കൈ)നമ്പർ 4/2016 ത.സ്വ.ഭ.വ, തി 11.01.2016 ഉത്തരവ് പ്രകാരം ഗ്രാമസഭ അംഗീകരിച്ച മുൻഗണനാ ഗുണഭോക്തൃ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കണമെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ ഇപ്രകാരം ചെയ്യുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.02.2017 | 2017 ജനുവരി | റിപ്പേർട്ട് ലഭിച്ചിട്ടില്ല | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-05-2010 മുതൽ 29-05-2010 വരെ | 2005-06 മുതൽ 2009-10 | 06.07.2010 | ഇല്ല. |

# 1-12 പെർഫോമൻസ് ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2017 ജനുവരി മാസം വരെയുള്ള പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പരിശോധന പൂർത്തിയായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന് റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിൽ അസാധാരണമായ കാലതാമസം ഉണ്ടാകുന്നു. 2016 സെപ്തംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. 1997 ലെ കേരള പഞ്ചായത്ത് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങൾ നിഷ്കർഷിക്കും വിധം പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിലെ അപാകതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഇക്കാരണത്താൽ സാധ്യമാവുന്നില്ല. ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടി സ.ഉ (കൈ) 188/2015 ത.സ്വ.ഭ.വ.08.06.2015 പ്രകാരം പെർഫോമൻസ് ഓഡിറ്റ് സംവിധാനം സ്ഥാപനവൽകരിക്കുകയും ത്രൈമാസികമായ നടത്തിവരുന്ന ഓഡിറ്റ് മാസം തോറുമായി മാറ്റുകയും ചെയ്തു. എന്നാൽ മാസംതോറും ഓഡിറ്റ് നടത്തുന്നതിലും പരിശോധിച്ച മാസങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പഞ്ചായത്തിന് അയച്ചുകൊടുക്കുന്നതിലും പെർഫോമൻസ് ഓഡിറ്റ് ടീമിന്റെ ഭാഗത്ത് നിന്ന് വീഴ്ച ഉണ്ടാവുന്നു.

| പെർഫോമൻസ് ഓഡിറ്റ് അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|
| ഓഡിറ്റ് നടത്തിയിട്ടില്ല | 2017 മെയ് | - | - |
| ഓഡിറ്റ് നടത്തിയിട്ടില്ല | 2017 ഏപ്രിൽ | - | - |
| ഓഡിറ്റ് നടത്തിയിട്ടില്ല | 2017 മാർച്ച് | - | - |
| ഓഡിറ്റ് നടത്തിയിട്ടില്ല | 2017 ഫെബ്രുവരി | - | - |
| 28.02.2017 | 2017 ജനുവരി | റിപ്പോർട്ട് ലഭിച്ചിട്ടില്ല | - |
| 25.01.2017 | 2016 ഡിസംബർ | റിപ്പോർട്ട് | - |

| | | | |
|---|---|---|---|
| | | ലഭിച്ചിട്ടില്ല | |
| 26.12.2016 | 2016 നവംബർ | റിപ്പോർട്ട് ലഭിച്ചിട്ടില്ല | - |
| | 2016 ഒക്ടോബർ | റിപ്പോർട്ട് ലഭിച്ചിട്ടില്ല | - |
| | 2016 സെപ്റ്റംബർ | റിപ്പോർട്ട് ലഭിച്ചിട്ടില്ല | -- |
| 26.09.2016 മുതൽ 27.09.2016 വരെ | 2016 ഓഗസ്റ്റ് | 22.12.2016 | ഇല്ല |

ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്ന എണ്ണവും പരിധിയും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ നിലവിലുള്ള പെർഫോർമൻസ് ഓഡിറ്റ് മാസം തോറും നടത്തുന്നതിനും അപാകതൾ അതാത് സമയം തന്നെ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റേയും പെർമഫോമൻസ് ഓഡിറ്റിന്റേയും ഭാഗത്തു നിന്ന് ഉണ്ടാവേണ്ടതുമാണ്. റിപ്പോർട്ടുകൾ സമയ ബന്ധിതമായി പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് പെർമഫോമൻസ് ഓഡിറ്റ് ടീം ജാഗ്രത പുലർത്തേണ്ടതാണ്.

## <u>ഭാഗം -2</u>

# <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1 കെട്ടിട നിർമാണ പെർമിറ്റ് - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

1. റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 137 പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ഒരു നിർമ്മാണം ക്രമവൽക്കരിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - J ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്ത് കെട്ടിട നിർമ്മാണ ക്രമവൽക്കരണ രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. പെർമിറ്റ് രജിസ്റ്ററിൽ തന്നെ ക്രമവൽകൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിവരുകയാണ് നിലവിൽ അനുവർത്തിക്കുന്നത്. ക്രമവൽകരണ ഫീസ് ഇനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ₹ 3,37,465 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ പെർമിറ്റ് , ക്രമവൽകരണം എന്നിവ സംബന്ധിച്ച് ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസറ്ററുകൾ സൂക്ഷിക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ ക്രമവൽക്കരണത്തിനു വേണ്ടി അപേക്ഷിച്ച മുഴുവൻ അപേക്ഷകളുടേയും വിവരങ്ങൾ രജിസ്റ്ററിൽ കാലികമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നമ്പർ നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

രജിസ്റ്ററിൽ പൂർത്തീകരണ തീയതി (കോളം നമ്പർ 16 ലും) നമ്പറിംഗ് നൽകിയതിന്റെ വിശദാംശങ്ങൾ (കോളം നമ്പർ 19,20ലും) രേഖപ്പെടുത്തേണ്ടതാണ്.

3. ബിൽഡിംഗ് പെർമിറ്റിന് ലഭിക്കുന്ന അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കാനുള്ള തീരുമാനം എടുക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയില്ല

1.താഴെ കാണുന്ന ജീവനക്കാരിൽ നിന്നും 2016-17 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ

ലഭ്യമല്ല. ഡിമാന്റ് റജിസ്റ്ററിൽ ആയതിന്റെ കാരണവും രേഖപ്പെടുത്തിയിട്ടില്ല.

| ക്ര.നം | പേര് | തസ്തിക | സ്ഥാപനം | അർധവർഷം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ശ്രീ. വിനോദ് എം. | സീ. ക്ലർക്ക് | ഗ്രാമ പഞ്ചായത്ത് | 2 | |
| 2 | ശ്രീമതി.രശ്മി | ക്ലർക്ക് | " | 2 | |
| 3 | ശ്രീ.സജിത | ക്ലർക്ക് | " | 2 | |
| 4 | ശ്രീ.ഷീല | ജെപിഎച്ച്എൻ | പി.എച്ച്.സി | 1,2 | |
| 5 | ശ്രീ.ജയകൃഷ്ണൻ | " | " | 1,2 | |
| 6 | ശ്രീമതി.റീജ | ലാബ് ടെക്. | “ | 1,2 | |
| 7 | ശ്രീ.അബ്ദുൽകലാം | എച്ച്.എം | എകെഎച്ച്എം,ചാത്രത്തൊടി | 2 | |
| 8 | ശ്രീമതി. ചന്ദ്രിക .കെ | യു.പി.എസ്. എ. | “” | 2 | |
| 9 | ശ്രീമതി.ലിസാമ്മ ഇ.പി | "" | ഐഎസ്എം യുപിഎസ് | 1,2 | |
| 10 | ശ്രീ.ഫിറോസ് ഖാൻ | എഫ്.ടി.എ. | ജിഎൽപിഎസ് പറമ്പിൽ. | 1,2 | |
| 11 | ശ്രീമതി.ശ്രീലത | എൽപിഎസ്എ | " | 1,2 | |
| 12 | ശ്രീമതി.ഷേർളി ടി. | എച്ച്എസ്എ | ജിഎച്ച്എസ്എസ് | 1,2 | |
| 13 | ശ്രീമതി.വത്സ കെ.പൗലോസ് | “” | “” | 1,2 | |
| 14 | ശ്രീമതി.സലീന ഡിക്രൂസ് | " | “” | 1,2 | |
| 15 | ശ്രീ.ബാലകൃഷ്ണൻ | എച്ച്എസ്എ(SS) | " | 1,2 | |
| 16 | ശ്രീമതി.ഉമാദേവി എം.കെ | എച്ച്എസ്എ | | 1,2 | |
| 17 | ശ്രീമതി.ഭാരതി കെ | " | " | 2 | |
| 18 | ശ്രീമതി.ഷാഹിന ആർഎം | | | 1,2 | |
| 19 | ശ്രീ.ബാലകൃഷ്ണൻ പി. | ഒ.എ. | " | 1,2 | |
| 20 | ശ്രീ.വാസു സി. | പി.ഡി.ടി | " | 1,2 | |
| 21 | ശ്രീമതി.മോളി ജോർജ് | " | " | 1,2 | |
| 22 | ശ്രീമതി.ബ്രിന്ദ | " | " | 1,2 | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 23 | ശ്രീ.അബ്ദുൽ ഗഫൂർ | | " | 1,2 | |
| 24 | ശ്രീമതി.ഷിജി ജോസഫ് | | " | 1,2 | |
| 25 | ശ്രീമതി.ബേബി ഗിരിജ | | " | 1,2 | |
| 26 | ശ്രീ.മഹാരാജ് കെ.ആർ | എച്ച് എസ് എ | " | 1,2 | |
| 27 | ശ്രീ.ശിവൻകുട്ടി ജെ. | യു.ഡി.സി | " | 1,2 | |
| 28 | ശ്രീ.അബ്ദുൽഗഫൂർ | എച്ച്.എസ്.എ. | " | 1,2 | |
| 29 | ശ്രീ.ദേവദാസ് ആർ. | എച്ച് എം | " | 1,2 | |
| 30 | ശ്രീമതി.മഞ്ജു കൃഷ്ണൻ | എച്ച്.എസ്.എ | " | 1,2 | |
| 31 | ശ്രീമതി.രശ്മി | ക്ലെർക്ക് | " | 1,2 | |
| 32 | ശ്രീമതി.രേഖ ആർ. | പി.ഡി.റ്റി | " | 2 | |

മേൽ ജീവനക്കാരിൽ നിന്നും അവർ ഈ പഞ്ചായത്തിനു കീഴിൽ 60 ദിവസത്തിൻമേൽ ജോലി ചെയ്തിട്ടുള്ള പക്ഷം,ആനുപാതികമായ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളും സ്ഥലം മാറിപ്പോയ സംഗതിയിൽ ആയതു സംബന്ധിച്ച വിശദാംശങ്ങളും ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

2.<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.</u>

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 2-3 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കിപത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള (ബി-15 ഷെഡ്യൂൾ) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷം കുടിശ്ശിക (ഗാർഹികം) | 2,83,181 |
| മുൻവർഷങ്ങളിലെ കടിശ്ശിക (ഗാർഹികം) | 1,11,418 |
| തൻവർഷം കുടിശ്ശിക (ഗാർഹികേതരം) | 2,03,805 |
| മുൻവർഷങ്ങളിലെ കടിശ്ശിക (ഗാർഹികേതരം) | 1,39,966 |
| ആകെ | 738370 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും 100% വസ്തു നികുതി പിരിവ് എന്ന ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഗ്രന്ഥാലയം നടത്തിപ്പിലെ പോരായ്മകൾ






17.09.2014 ലെ പഞ്ചായത്ത് തല ലൈബ്രറി കമ്മിറ്റി രൂപീകരണ യോഗത്തോടെ പഞ്ചയത്തിൽ ലൈബ്രറിയുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. പിന്നീട് 03.02.2015 ൽ മെമ്പർഷിപ്പ് ഘടനയും തുകയും ചുവടെ പറയും പ്രകാരം നിശ്ചയിച്ചു.

1) എ ക്ലാസ് (ആജീവനാന്ത) മെമ്പർഷിപ്പ് ₹ 500 (മാസ വരി ഇല്ല)
2) ബി ക്ലാസ് മെമ്പർഷിപ്പ് ₹ 200 (മാസ വരി 10 രൂപ)
3) സി ക്ലാസ് മെമ്പർഷിപ്പ് ₹ 100 (മാസ വരി 5 രൂപ)







പിന്നീട് നവീകരിച്ച ലൈബ്രറിയുടെ ഉദ്ഘാടനം 13.04.2015 ന് അന്നത്തെ പഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. എം കെ മുനീർ നിർവഹിച്ചു. 50,000 രൂപ(വികസനഫണ്ട് ₹31598 & തനത് ഫണ്ട് ₹18402) ചെലവഴിച്ച് 2015-16 സാമ്പത്തിക വർഷത്തിൽ ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. ഇന്ന് 1056 ഗ്രന്ഥങ്ങൾ ഉൾകൊള്ളുന്ന ഒരു ബൃഹത്തായ പുസ്തക ശാലയാണ് പഞ്ചായത്തിൽ സജ്ജീകരിച്ചിട്ടുള്ളത്. എന്നാൽ ഗ്രന്ഥാലയത്തിന് സ്ഥിരം ലൈബ്രേറിയന്മാരെ ലഭിച്ചില്ല എന്നതിനാൽ ഗ്രന്ഥാലയ നടത്തിപ്പ് ഫലപ്രദമായിട്ടില്ല. ഗ്രന്ഥാലയത്തിന് സ്ഥിരം ലൈബ്രേറിയന്റെ അഭാവത്തിൽ ടി ചുമതല ഓഫീസ് ഉത്തരവ് (എ3.8/2015-16 തിയ്യതി 01.07.2015) മുഖാന്തിരം സെക്ഷൻ ക്ലാർക്ക് ശ്രീ.അഭിലാഷിന് നൽകിയിട്ടുണ്ട്. ഒരേ സമയം ഓഫീസ് കാര്യങ്ങളും ലൈബ്രേറിയൻ ചുമതലയും ഗ്രന്ഥാലയത്തിന്റെ സുഗമമായ നടത്തിപ്പിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്. നാളിതു വരെ 7 പേര് മാത്രമാണ് മെമ്പർഷിപ്പ് എടുത്തിട്ടുള്ളത്. (3 എ ക്ലാസ് മെമ്പർമാരും 4 സി ക്ലാസ് മെമ്പർമാരുമാണ് ).

പഞ്ചായത്ത് ഗ്രന്ഥാലയത്തിലെ പ്രവേശന പതിവേട്, വരിസംഖ്യ വിവര പുസ്തകം, ഗ്രന്ഥവിവരപ്പുസ്തകം, വിതരണ പതിവേട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

അപാകതകൾ പരിഹരിക്കുന്നതിനും ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.നാളിതുവരെയായിട്ടും ഗ്രന്ഥാലയത്തിന് ഒരു നിയമാവലി തയ്യാറാക്കിയിട്ടില്ല.
2.പ്രവേശനപ്പട്ടിക പ്രകാരം 7 അംഗങ്ങളാണുള്ളത്. അംഗങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്.
3.ഗ്രന്ഥവിവരപ്പുസ്തകത്തിൽ 1056 പുസ്തകങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പുസ്തകങ്ങൾ അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിരിക്കുന്നത് ശരിയായ രീതിയിലല്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും , ഗ്രന്ഥ കർത്താവിന്റെ പേരും പുസ്തകത്തിന്റെ വിലയും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ പ്രസിദ്ധീകരിച്ച വർഷം , അച്ചടിച്ച സ്ഥലം , അച്ചടിച്ച തിയ്യതി , ISBN നമ്പർ (ലഭ്യമാണെങ്കിൽ) എന്നിവ കൂടി ടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
4. സ്ഥിരം കെട്ടിടം ഇല്ലാത്തതിന്റെ കുറവ്

വിദ്യാഭ്യാസം – മേഖല അടിസ്ഥനാമാക്കിയുള്ള ചുമതലകളിലൊന്നാണ് വായനാശാലയുടെ നടത്തിപ്പും പ്രോൽസാഹനവും. എന്നാൽ പരിചയസമ്പന്നരായ ലൈബ്രേറിയൻമാരുടെ സേവനം ഉറപ്പുവരുത്തുന്നതിലും ബൈലോ തയ്യാറാക്കുന്നതിലും പഞ്ചായത്ത് സമ്പൂർണമായി പരാജയപ്പെട്ടു. മുഴുവൻ സമയവുംഓഫീസ് ചുമതലയിൽ വ്യാപൃതനായിട്ടുള്ള സെക്ഷൻ ക്ലാർക്കിന് അധികചുമതല നൽകിയത് ലൈബ്രറിയുടെ പ്രവർത്തനത്തെ ബാധിച്ചു. മാത്രവുമല്ല ലൈബ്രറിക്കായി ഒരുക്കിയിട്ടുള്ളത് വേണ്ടത്ര സൗകര്യമില്ലാത്ത പഞ്ചായത്ത് കെട്ടിടത്തിലെ ഒന്നാം നിലയിലെ ഒരു കുടുസ്സുമുറിയിലാണ്. വേണ്ടത്ര വെളിച്ചമോ ,വിശാലതയോ സൗകര്യമോ, ഫർണിച്ചറോ ഒന്നും തന്നെ ഒരുക്കിയിട്ടില്ല. പ്രവർത്തനം ആരംഭിച്ച് 2 വർഷമായിട്ടും മെമ്പർഷിപ്പ് എടുത്തവർ 7 പേര് മാത്രമാണ്. മേഖലാടിസ്ഥാനത്തിലുള്ള ചുമതല നിർവഹിക്കുന്നതിനപ്പുറത്തേക്ക് ഗ്രന്ഥാലയം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലേക്ക് വളർത്തുന്നതിന് പഞ്ചായത്ത് നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ലാ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്വന്തമായ കെട്ടിടവും, ഫുൾ ടൈം ലൈബ്രേറിയനും നിയമാവലിയും എല്ലാം സജ്ജമാക്കി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനിക വൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-2 മുൻകൂർ തുക 7.3 ലക്ഷം ക്രമീകരിക്കാൻ അവശേഷിക്കുന്നു.

പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പരിശോധിച്ചതിൽ നിന്നും 7,30,000 രൂപ മുൻകൂർ തുക തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഷെഡ്യൂൾ -ബി-18</u>

*Advance to implementing agencies- Deposit with kerala water Authority -7,30,000

അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ കാടമ്പസാർ കുടിവെള്ളപദ്ധതി (144/13) യ്ക്ക് 7,30,000/-രൂപ വികസനഫണ്ട് വകയിരുത്തി KWA യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. KWA എക്സി.എഞ്ചിനിയർ പഞ്ചായത്തിലെ അസി.എഞ്ചിനിയറുമായി1/13-14 dt.25.7.13 നം.ആയി വച്ച കരാറിൽ 2014 മാർച്ച് 31 ന് പ്രവൃത്തി പൂർത്തിയാക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നാളിതു വരെ പ്രവർത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ നിർവ്വഹണ ഏജൻസിയുമായുള്ള കരാറിന് വിധേയമായി തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

# 3-3 മരുന്നുകൾ ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവഹണം നടത്തിയ താഴെപറയുന്ന പ്രൊജക്റ്റിന് മരുന്നുകൾ വാങ്ങുന്നതിന് തുക പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ/പേര് | ബിൽ നമ്പർ/തിയ്യതി | തുക |
|---|---|---|
| 99/16-17<br>(പരിരക്ഷ മരുന്ന് വാങ്ങൽ) | 2/16-17 തി. 31-03-2017 | 50000 |
| 99/16-17<br>(പി എച്ച് സി മരുന്ന് വാങ്ങൽ) | ചെക്ക് നം. 49891 തി. 08-03-2017 | 1,73,380 |
| ആകെ | | 2,23,380 |

എന്നാൽ മരുന്നുകൾ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിൽ എടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 ഗ്രാമ സഭ സംഘാടനം കാര്യക്ഷമമല്ല

ജനാധിപത്യ ഭരണക്രമത്തിൽ സാധാരണ ജനങ്ങൾക്ക് ഭരണത്തിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനമാണ് ഗ്രാമ സഭ. പദ്ധതികൾ ഉരുത്തിരിയുന്നത് ഗ്രാമ സഭകളിലൂടെയാണ്. ഗ്രാമസഭയിൽ പാസ്സാക്കിയ ഒരു കാര്യം റദ്ദാക്കുന്നതിന് പാർലമെന്റിന് പോലും അധികാരമില്ല. ഗ്രാമസഭയിലെ പങ്കാളിത്തം വളരെ കുറവാണ്. ഗ്രാമ സഭാ മിനുട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന വിവരങ്ങൾ ലഭ്യമായി.

| ക്രമ ന | വാർഡ് നമ്പർ/ പേര് | കൺവീനറുടെ പേര് | ഗ്രാമ സഭ നടന്ന തിയ്യതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം (ആകെ എണ്ണം) | റിമാർക്സ് |
|---|---|---|---|---|---|
| 1 | 16<br>സൂപ്പർ ബസാർ | ശ്രീമതി റംല പികെ<br>(പ്രസിഡന്റ്) | 11-02-2016 | 142(1354) | ക്വാറം - 136 |
| | | | 04.07.2016 | 140(1354) | |
| | | | 10.11.2016 | 140(1354) | |
| | | | 28.02.2017 | 140(1354) | |
| | | | 05.05.2017 | 140(1354) | |
| 2 | 4<br>ഇല്ലത്തുമാട് | ശ്രീ. വേണുഗോപാൽ<br>(വൈസ് പ്രസിഡന്റ്) | 12-02-2016 | 108(875) | ക്വാറം - 88 |
| | | | 04.07.2016 | 91(875) | |
| | | | 11.11.2016 | 98(875) | |
| | | | 28.02.2017 | 99(875) | |
| | | | 06.05.2017 | 91(875) | |
| 3 | 8<br>പോങ്ങാട് കുണ്ടിൽ | ശ്രീ.ഇസ്മായിൽ കാവുങ്ങൽ<br>(ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ) | 09-02-2016 | 177(1712) | ക്വാറം - 171 |
| | | | 04.07.2016 | 180(1712) | |
| | | | 09.11.2016 | 181(1712) | |
| | | | | | |


| ക്രമ ന | വാർഡ് നമ്പർ/ പേര് | കൺവീനറുടെ പേര് | ഗ്രാമ സഭ നടന്ന തിയ്യതി | പങ്കെടുത്ത അംഗങ്ങളുടെ എണ്ണം (ആകെ എണ്ണം) | റിമാർക്സ് |
|---|---|---|---|---|---|
| | | | ലഭ്യമല്ല | 183(1712) | |
| | | | 06.05.2017 | 182(1712) | |
| 4 | 10 കൊല്ലംചിന | ശ്രീമതി. എപി ആസിയ അഷ്റഫ് (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | 12-02-2016 | 140(1051) | ക്വാറം - 105 |
| | | | 04.07.2016 | 106(1051) | |
| | | | 11.11.2016 | 112(1051) | |
| | | | 28.02.2017 | 122(1051) | |
| | | | ലഭ്യമല്ല | 112(1051) | |
| 5 | 9 പൊറ്റമ്മൽമാട് | ശ്രീമതി.റസിയ പി (ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) | 10-02-2016 | 145(1211) | ക്വാറം - 121 |
| | | | 04.07.2016 | 116(1211) | |
| | | | 10.11.2016 | 126(1211) | |
| | | | 28.02.2017 | 167(1211) | |
| | | | 03.05.2017 | 127(1211) | |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 3(3) പ്രകാരം ഗ്രാമ സഭ, കുറഞ്ഞപക്ഷം മൂന്നു മാസത്തിലൊരിക്കൽ ചേരണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ.ഉ (സാധാ) നം 1959/2016 ത.സ്വ.ഭ.വ തിയ്യതി 21.06.2016 ഉത്തരവ് പ്രകാരം ഗ്രാമ സഭകൾ കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം യഥാസമയം യോഗം ചേരണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പഞ്ചായത്ത് പാലിക്കപ്പെടുന്നില്ല. ഗ്രാമസഭയുടെ കോറം 10 ശതമാനമാണെങ്കിലും 25% അംഗങ്ങൾ ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കുന്നതിനുള്ള സംഘടനാ പ്രവർത്തനം ഗ്രാമപഞ്ചായത്ത് നടത്തേണ്ടതാണ്.

ഗ്രാമ സഭാ സംഘാടനം സംബന്ധിച്ച സർക്കുലർ (നം:22675/എൽ3/99 ത.സ്വ.ഭ.വ 03.08.2004) പ്രകാരം

(a) ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമ സഭാ തിയ്യതികൾ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. (b) ഗ്രാമസഭക്ക് വേണ്ടി ഒരു പൊതുസ്ഥലത്ത് ഒരു സ്ഥിരം വാർത്താബോഡ് സ്ഥാപിക്കേണ്ടതാണ്. വാർത്താബോർഡിന് ചുരുങ്ങിയത് 1 മീറ്റർ X0.60 മീറ്റർ വിസ്തൃതിയുണ്ടായിരിക്കേണ്ടതാണ്. വാർത്താ ബോർഡിൽ ഗ്രാമ പഞ്ചായത്തിന്റെ പേര് / വാർഡിന്റെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം. യോഗ നോട്ടീസ്, യോഗത്തിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ ,യോഗ തീരുമാനങ്ങൾ എന്നിവ വാർത്താ ബോർഡിൽ പരസ്യപ്പെടുത്തേണ്ടതാണ്. എന്നാൽ സ്ഥിരം വാർത്താബോർഡ് പഞ്ചയാത്തിൽ നിലവിലില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 02/07.06.2017) ക്ക് പദ്ധതി നിർവഹണത്തിന്റെ അവസാന ഘട്ടത്തിലായത് കൊണ്ടാണ് ഗ്രാമസഭ വൈകിയതെന്നും ഒക്ടോബറിൽ

അടുത്ത വർഷത്തെ ഗ്രാമ സഭാ തിയ്യതികൾ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്നതാണെന്നും സ്ഥിരം വാർത്താ ബോർഡ് നിർമിക്കാൻ വേണ്ടി 2017-18 സാമ്പത്തിക വർഷത്തിൽ പദ്ധതിക്ക് തുക വകയിരുത്തിയിട്ടുണ്ട് എന്നും അറിയിച്ചു. ഗ്രാമസഭയുടെ സംഘാടനം അതാത് സമയങ്ങളിൽ കാര്യക്ഷമമായി നടത്തേണ്ടതാണ്.



പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

ഗ്രാമസഭാ യോഗം നോട്ടീസ്

പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് 8-ാം വാർഡ് ഗ്രാമ സഭാ യോഗം 4-7-2016 തിങ്കളാഴ്ച്ച രാവിലെ 10.00ന് ഒളകര ജി.എൽ.പി സ്കൂളിൽ വെച്ച് ചേരുകയാണ്. ഗ്രാമസഭയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഒപ്പ്)
പ്രസിഡന്റ്

(ഒപ്പ്)
8-ാം വാർഡ് മെമ്പർ

അജണ്ട

1. കക്കൂസിന്റെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ
2. PMAY (ഗ്രാമീൺ) ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ
3.വിവിധ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ
4. പ്രതിരോധ കുത്തിവെപ്പ് ബോധവത്ക്കരണം

പറമ്പിൽപീടിക
28-6-2016

## 3-5 പരിരക്ഷ പ്രൊജക്ട് - സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

2016-17 വർഷത്തിൽ നടപ്പാക്കിയ പരിരക്ഷ പ്രൊജക്ട് നടത്തിപ്പ് പരിശോധിച്ചതിൽ മേൽപ്രൊജക്ട് നടത്തിപ്പിൽ GO(Rt) 3217/15/LSGD Dt. 29.10.2015 നമ്പർ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല എന്ന് വ്യക്തമായി.

1) സർക്കാർ ഉത്തരവ് പ്രകാരം എല്ലാവർഷവും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും , പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രൊജക്ട് നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ 2016-17 വർഷത്തേക്ക് പുതിയ PMC രൂപീകരിച്ചിട്ടില്ല. കൂടാതെ PMC യോഗം 3 മാസത്തിൽ ഒരിക്കലാണ് കൂടുന്നത്.

2) പ്രതിമാസ വരവുചെലവുകൾ രേഖാമൂലം PMC യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതായിരുന്നുവെങ്കിലും 2016-17 വർഷത്തിൽ വരവ് ചെലവുകണക്കുകൾ PMC യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

3) മേൽ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തിയ്യതി മുതൽ 60 ദിവസത്തിനകം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗികളുടെ വിവരങ്ങൾ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതായിരുന്നു. ഈ നിർദേശം പാലിക്കാതെ തുടർന്ന് ആശ്രയ പ്രൊജക്ടിന് പണം

ചെലവഴിക്കാൻ പാടില്ല എന്നും മേൽ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ വിവരം വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

4) 2016-17 വർഷത്തിൽ രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

5) പാലിയേറ്റീവ് കെയർ പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തുന്ന രോഗികളുടെ വിശദ വിവരം PMC യിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല.

സർക്കാർ ഉത്തരവ് പൂർണ്ണമായി പാലിച്ച് പ്രൊജക്ട് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 രേഖകൾ ഹാജറാക്കിയില്ല

സെക്രട്ടറി നടപ്പാക്കിയ താഴെ കാണുന്ന പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് വിവിധ ആവശ്യങ്ങൾക്കായി തുക ചെലവഴിച്ചതല്ലാതെ ആയത് മേൽ ഉദ്ദേശ്യത്തിനു വിനിയോഗിച്ചോ എന്നതു സംബന്ധിച്ച വിശദാംശം പരിശോധിക്കാൻ യുക്തമായ രേഖകൾ ലഭ്യമല്ല. മാത്രമല്ല ചില പേമെന്റുകൾക്ക് രശീതി പോലും ഹാജറാക്കിയിട്ടില്ല .വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേരും നമ്പറും | വൗച്ചർ നം.തി. | തുക | ലഭ്യമാക്കേണ്ട രേഖ |
|---|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷാമിഷനു സംഭാവന -169 | 589/18.2.2017 | 200000 | വിനിയോഗ സാക്ഷ്യ പത്രം,രസീതി |
| 2 | ഡി.പി.സി. കെട്ടിടത്തിനുള്ള വിഹിതം-168 | 590/18.2.17 | 150,000 | “” |
| 3 | ഐ.കെ. എമ്മിനു വിഹിതം-6 | 436/13.12.16 | 63108 | വിനിയോഗ സാക്ഷ്യ പത്രം |
| 4 | ഐ.എ.വൈ.വിഹിതം-12 | 434/13.12.16 | 100000 | വിനിയോഗ സാക്ഷ്യ പത്രം |
| 5 | ഐ.എ.വൈ.വിഹിതം.എസ്.സി. വകുപ്പു നല്കേണ്ടത് -140 | 588/18.2.17 | 350000 | വിനിയോഗ സാക്ഷ്യ പത്രം,രസീതി. |
| 6 | പി.എം.എ.വൈ. വിഹിതം-20 | 726/25.3.17 | 420000 | വിനിയോഗ സാക്ഷ്യ പത്രം |
| 7 | ഐ.എ.വൈ.വിഹിതം -13 | 435/13.12.16 | 60000 | വിനിയോഗ സാക്ഷ്യ പത്രം |
| 8 | തെരുവു നായ നിയന്ത്രണം-138 | 753/28.3.17 | 100000 | വിനിയോഗ സാക്ഷ്യ പത്രം,രസീതി. |
| | ആകെ | | 14,43,108 | |

മേൽ രേഖകൾ ഹാജറാക്കുന്നത് വരെ 1443108 രൂപ തടസം ചെയ്യുന്നു.

## 3-7 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല.

ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 3.28 കോടി (32842613) രൂപയിൽ 77 ലക്ഷം (7709882) രൂപയുടെ പദ്ധതിയിൽ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന

സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയാകുന്നത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് , ലോക ബാങ്ക് ധന സഹായം,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻ ബാക്കി ഉൾപെടെ 3.28 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 2.51 കോടി (25132731) രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ACR പ്രകാരം)

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 11354414 | 10907083 | 447331 |
| വികസന ഫണ്ട്(എസ്.സി.പി) | 4549470 | 3288819 | 1260651 |
| വികസനഫണ്ട്(ടി.എസ്.പി) | - | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4099719 | 3230921 | 868798 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3137283 | 2950269 | 187014 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 6367083 | 1597755 | 4769328 |
| ലോക ബാങ്ക് സഹായം | 3334644 | 3157884 | 176760 |
| ആകെ | 32842613 | 25132731 | 7709882 |

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 60,000 | ശാരീരിക-മാനസിക വെല്ലുവിളി | 60,000 | ഇല്ല. |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ. വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | പേരും ഒടുക്കിയ ആളുടെ ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013/14-2014/15 | 2-1(1) | 600 | മുഹമ്മദലി | 11604101844 തിയ്യതി 16/8/2016 |
| 2013/14-2014/15 | 2-1(1) | 200 | മുഹമ്മദലി ഹാജി | 11604104011 തിയ്യതി 14/2/2017 |
| 2013/14-2014/15 | 2-1(1) | 200 | അച്ചുതൻ | 11604101822/ തിയ്യതി 12/8/16 |
| 2013/14-2014/15 | 2-1(1) | 1000 | മൊയ്തീൻകുട്ടിഹാജി | 11604101843/ തിയ്യതി 16/8/2016 |
| 2013/14-2014/15 | 2-1(1) | 1600 | ആയിഷ കുട്ടി | 11604103734/ തിയ്യതി 27/1/17 |
| 2013/14-2014/15 | 2-1(1) | 600 | മുഹമ്മദ് | 11604103796/ തിയ്യതി 31/1/17 |
| 2013/14-2014/15 | 2-1(1) | 400 | മുഹമ്മദ് | 11604103796/ തിയ്യതി 31/1/17 |
| | | | | |

| | | | | |
|---|---|---|---|---|
| 2013/14-2014/15 | 2-1(1) | 2400 | അബ്ദുൽ ഖാദർ | 11604101872/ തിയ്യതി 17/8/16 |
| 2013/14-2014/15 | 2-1(1) | 600 | എലുമ്പൻ | 11604100822തിയ്യതി 9/8/16 |
| 2013/14-2014/15 | 2-1(1) | 600 | വീരാൻകുട്ടി | 11604103808/ തിയ്യതി 11/2/17 |
| 2013/14-2014/15 | 2-1(1) | 400 | സൈതലവി | 11604103112/തിയ്യതി 3/11/16 |
| 2013/14-2014/15 | 2-1(1) | 1400 | മുഹമ്മദ് | 11604102129/ തിയ്യതി 5/9/16 |
| 2013/14-2014/15 | 2-1(1) | 1600 | മൊയ്തീൻകുട്ടിഹാജി | 1160410849/ തിയ്യതി 16/8/16 |
| 2013/14-2014/15 | 2-1(1) | 800 | മുഹമ്മദ് ലക്കാൻ | 11604103823/ തിയ്യതി 2/2/17 |
| 2013/14-2014/15 | 2-1(1) | 1200 | സഫിയ | 11604101929/ തിയ്യതി 12/02/2017 |
| 2013/14-2014/15 | 2-1(1) | 200 | മുഹമ്മദ് ഹാജി | 11604101884/ തിയ്യതി 17/8/16 |
| 2013/14-2014/15 | 2-1(1) | 1800 | സെക്രട്ടറി മുടക്കയിൽ ജുമാ മസ്ജിദ് | 11604101884/ തിയ്യതി 17/8/16 |
| 2015/16 | 2(1) | 360 | യൂണിവേയ്സൽ എഞ്ചിനീയേസ് | 11604103854/ തിയ്യതി 4/2/17 |
| 2015/16 | 2(1) | 180 | മൊണാർക്ക് ബിൽഡേഴസ് | 11604103794/ തിയ്യതി. 31/1/17 |
| 2015/16 | 2(1) | 1810 | സിവിൽടെക്ക് | 11604103827/ തിയ്യതി 2/2/17 |

| | | | | |
|---|---|---|---|---|
| 2015/16 | 2(1) | 600 | സി കെ മുഹമ്മദ് | 11604104429/ തിയ്യതി 7/3/17 |
| 2015/16 | 2(1) | 600 | നൗഫൽ | 11604104398/ തിയ്യതി 4/3/17 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47062943 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42087924 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം. ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,43,108 |

1

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 14,43,108 | ശ്രീ. ശിവൻകുട്ടി ജെ (സെക്രട്ടറി) |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.എം 11/63/2003/4-7-13 | 3 |
| 01-02 - DCB | എൽ.എഫ്.എം 17/92/2008/9-12-08 | 2 |
| 01-02-Exp | എൽ.എഫ്.എം 11/1538/2006/22-2-07 | 7 |
| 02-03DCB | എൽ.എഫ്.എം 11/93/08/10-12-08 | 1 |
| 02-03-Exp | എൽ.എഫ്.എം 11/1538/(4)06/20-3-07 | 9 |
| 03-04 | എൽ.എഫ്.എം 11/94/2008/6-2-09 | 9 |

| | | | |
|---|---|---|---|
| 04-05 | എൽ.എഫ്.എം 11//21/09/1-4=09 | 8 | |
| 05-06 | എൽ.എഫ്.എം 17/775/09/1-4-09 | 14 | |
| 06-07 | എൽ.എഫ്.എം 17/776/09/14-9-09 | 10 | |
| 07-08 | എൽ.എഫ്.എം 17/1100/09/15-10-09 | 14 | |
| 08-09 | എൽ.എഫ്.എം 15/1167/2011/8-7-11 | 5 | |
| 09-10 | എൽ.എഫ്.എം 15/2241/11/30-1-12 | 12 | |
| 10-11 | എൽ.എഫ്.എം 15/1751/13/21-10-13 | 9 | |
| 11-12-12-13 | എൽ.എഫ്.എം 15/590/15/27-4-15 | 16 | |
| 13-14,14-15 | കെ.എസ്.എ.എം.പി.എം 15/1411/16 | 11 | |
| 2015-16 | കെ എസ് എ.എം.പി.എം.15/3004/2016 തി 07.12.2016 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.എം.പി.എം.15/1286/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ - 676 505, ഫോൺ : 0483 2734951

ഇ- മെയിൽ: dompm.ksad@kerala.gov.in

തിയ്യതി : 13.6.2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

# അനുബന്ധം-2 AUDIT CERTIFICATE

No.KSA/MPM.15/1285/2017

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in

Date: 13.6.2017

Certified that I have audited the Annual Financial Statement of Peruvallur Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Peruvallur Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram